വിട്ടുനിന്നവർ - 2

1. ശ്രീ. ടി. എം. ജേക്കബ്

2. ശ്രീ. ജോണി നെല്ലൂർ

മി. സ്പീക്കർ: അനുകൂലിക്കുന്നവർ : 60

പ്രതികൂലിക്കുന്നവർ : 24

വിട്ടുനിന്നവർ : 2

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

XIX അവകാശലംഘന പ്രശ്നങ്ങൾ – അനുമതി നിഷേധിച്ചവ

മി. സ്പീക്കർ: താഴെപ്പറയുന്ന അവകാശലംഘന നോട്ടീസുകൾക്ക് അനുമതി നിഷേധിച്ചിരിക്കുന്നു.

1. പതിനൊന്നാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത 1571-ാം നമ്പർ ചോദ്യത്തിന് നൽകിയ മറുപടിയും പതിനൊന്നാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ നക്ഷത്ര ചിഹ്നമിടാത്ത 2379-ാം നമ്പർ ചോദ്യത്തിന് മുഖ്യമന്ത്രി നൽകിയ മറുപടിയും പരസ്പരവിരുദ്ധവും സഭയെ തെറ്റിദ്ധരിപ്പിക്കുന്നതുമാണെന്ന് ആരോപിച്ചുകൊണ്ട് മുഖ്യമന്ത്രിക്കെതിരെ ശ്രീ. ജോണി നെല്ലൂർ നൽകിയ നോട്ടീസ്.

2. നിയമസഭാ പരിസരത്ത് ദേശീയ നേതാക്കളുടെ പ്രതിമ അനാച്ഛാദനം ചെയ്യുന്ന ചടങ്ങിൽ മുൻ മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരനെ ക്ഷണിക്കാതിരുന്നതിനെതിരെ ശ്രീ. ടി. എം. ജേക്കബിന്റേതായി വന്ന പ്രസ്താവന സ്പീക്കറെ അപകീർത്തിപ്പെടുത്തുന്നതാണെന്ന് ആരോപിച്ചുകൊണ്ട് ശ്രീ. ടി. എം. ജേക്കബിനെതിരെ ശ്രീ. എം. എ. വാഹീദ് നൽകിയ നോട്ടീസ്.

3. 15-7-2005-ലെ നക്ഷത്രചിഹ്നമിട്ട 204-ാം നമ്പർ ചോദ്യത്തിന് വ്യവസായ വകുപ്പുമന്ത്രി നൽകിയ മറുപടി സഭയെ തെറ്റിദ്ധരിപ്പിക്കുന്നതാണെന്ന് ആരോപിച്ചുകൊണ്ട് വ്യവസായ വകുപ്പുമന്ത്രിക്കെതിരെ ശ്രീ. എം. വി. ജയരാജൻ നൽകിയ നോട്ടീസ്.

4. അവിശ്വാസ പ്രമേയ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ശ്രീ. കടവൂർ ശിവദാസൻ നടത്തിയ പ്രസംഗത്തിൽ അസത്യപ്രസ്താവന നടത്തി സഭയുടെ പ്രത്യേക അവകാശങ്ങളുടെ ലംഘനം നടത്തി എന്ന് ആരോപിച്ചുകൊണ്ട് ശ്രീ. കടവൂർ ശിവദാസനെതിരെ ഡോ. തോമസ് ഐസക് നൽകിയ നോട്ടീസ്.

LIBRARY ARCHIVES Kerala Legislative Assembly

5. ശ്രീ. ആര്യാടൻ മുഹമ്മദ് 26-7-2004-ൽ സഭയിൽ നടത്തിയ പ്രസംഗത്തിലെ പരാമർശങ്ങളെപ്പറ്റി പത്രസമ്മേളനത്തിൽ നടത്തിയ പ്രസ്താവനയ്ക്ക് ശ്രീമതി പി. കെ. ശ്രീമതി ടീച്ചർക്കെതിരെ ശ്രീ. പി. ടി. തോമസ് നൽകിയ നോട്ടീസ്.

6. 19-7-2005-ന് നടന്ന അവിശ്വാസ പ്രമേയ ചർച്ചയുടെ മറുപടിയിൽ അതിരപ്പിള്ളി പദ്ധതിയുടെ ടെണ്ടർ തുകയെപ്പറ്റി ഊർജ്ജ വകുപ്പുമന്ത്രി അസത്യപ്രസ്താവന നടത്തി എന്നാരോപിച്ചുകൊണ്ട് അദ്ദേഹത്തിനെതിരെ ശ്രീ. ടി. കെ. ദേവകുമാർ നൽകിയ നോട്ടീസ്.

7. ഇന്റഗ്രേറ്റഡ് ഫിനാൻസ് കമ്പനിക്കെതിരെ നടപടിയെടുക്കുന്നുതും നിക്ഷേപകരെ സംരക്ഷിക്കുന്നതും സംബന്ധിച്ച് മുഖ്യമന്ത്രി നൽകിയ മറുപടി നിയമസഭയെ തെറ്റിദ്ധരിപ്പിക്കുന്നതാണെന്ന് ആരോപിച്ചുകൊണ്ട് മുഖ്യമന്ത്രിക്കെതിരെ ശ്രീ. രാജു എബ്രഹാം നൽകിയ നോട്ടീസ്.

ഓർഡർ, ഓർഡർ, പതിനൊന്നാം കേരള നിയമസഭയുടെ പ്രവർത്തനങ്ങൾ പരിസമാപ്തിയിലെത്താൻ പോവുകയാണല്ലോ. ചുരങ്ങിയ കാലഘട്ടത്തിലാണെങ്കിലും ഈ സഭയുടെ അദ്ധ്യക്ഷനാകാൻ കഴിഞ്ഞതിൽ എനിക്ക് അങ്ങേയറ്റത്തെ ചാരിതാർത്ഥ്യമുണ്ട്. ഞാൻ സഭാദ്ധ്യക്ഷന്റെ ചുമതല ഏറ്റെടുത്തതിനുശേഷം ആറ് സെഷനുകളിലായി 69 ദിവസമാണ് നാം ഒത്തുകൂടിയത്. വിവിധ ജനകീയ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ നമുക്ക് കഴിഞ്ഞു. ചില നിയമനിർമ്മാണം നാം നടത്തി. നമുക്ക് എന്നെന്നും ഓർമ്മിക്കാവുന്ന പല ചരിത്ര മൂഹൂർത്തങ്ങൾക്കും സാക്ഷ്യം വഹിക്കാനും കഴിഞ്ഞു. ആദരണീയനായ രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടേയും ഭരണഘടനാശില്പിയായ ഡോ. അംബേദ്ക്കറുടേയും പ്രഥമ പ്രധാനമന്ത്രിയായിരുന്ന പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റേയും പ്രതിമകൾ അനാവരണം ചെയ്ത നിമിഷങ്ങൾ അനർഘങ്ങളായിരുന്നു. കേരളത്തിന്റെ യഥാർത്ഥ പ്രശ്നങ്ങൾ തൊട്ടറിഞ്ഞുകൊണ്ടും സംസ്ഥാനത്തിന്റെ വികസനം ലക്ഷ്യം വച്ചുകൊണ്ടും ബഹുമാനപ്പെട്ട രാഷ്ട്രപതി നിയമസഭയിൽ അവതരിപ്പിച്ച വികസന രൂപരേഖ സംസ്ഥാനത്തിന്റെതന്നെ വികസന ചരിത്രത്തിൽ ഒരു വലിയ വഴിത്തിരിവായി. ലോക്സഭാ സ്പീക്കർ ശ്രീ. സോമനാഥ് ചാറ്റർജിയേയും അന്നത്തെ പഞ്ചായത്തിരാജ് മന്ത്രി ശ്രീ. മണിശങ്കർ അയ്യരേയും പങ്കെടുപ്പിച്ചുകൊണ്ട് തൃശ്ശൂർ 'കില'യിൽവച്ച് സാമാജികർക്കുവേണ്ടി നടത്തിയ ശില്പശാല ഇന്ത്യയിൽ ആദ്യത്തേതായിരുന്നു. മലയാളികളുടെ അഭിമാനമായിരുന്ന മുൻ രാഷ്ട്രപതി കെ. ആർ. നാരായണന്റെ അർദ്ധകായ പ്രതിമയുടെ സ്ഥാപനവും നിയമസഭാ മ്യൂസിയത്തിന്റെ ആരംഭവും മാർച്ച് മാസത്തിൽത്തന്നെ നടത്താൻ കഴിയുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. സഭയിൽ നടക്കുന്ന കാര്യങ്ങൾ നമ്മളെ സഭയിൽ എത്തിച്ചവർക്ക് നേരിട്ട് കാണാൻ പരമാവധി അവസരം ലഭ്യമാക്കാൻ കഴിഞ്ഞതിൽ എനിക്ക് ചാരിതാർത്ഥ്യമുണ്ട്. അതുവഴി ജനങ്ങളും നിയമസഭയും തമ്മിലുള്ള അകലം കുറയ്ക്കാനും കഴിഞ്ഞു. നമ്മുടെ നിയമസഭാ പ്രവർത്തനങ്ങൾ താരതമ്യേന മെച്ചപ്പെട്ടതുതന്നെയാണ്. പക്ഷേ ഇത്രയും മതിയോ? നിയമസഭ കൂടുന്ന ദിവസങ്ങളുടെ എണ്ണവും നിയമനിർമ്മാണത്തിനുവേണ്ടി ചെലവഴിക്കുന്ന സമയവും വളരെ കുറഞ്ഞുപോകുന്നുവെന്ന ദു:ഖം

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എനിക്കുണ്ട്. ലഭ്യമായ സമയംതന്നെ നാം ഫലപ്രദമായി ചെലവഴിക്കുന്നുണ്ടോ? ബഹുമാനപ്പെട്ട രാഷ്ട്രപതി അഭിപ്രായപ്പെട്ടതുപോലെ സഭയുടെ വിലപ്പെട്ട സമയം പാഴാക്കാതിരി ക്കാൻ നാം കൂടുതൽ ശ്രദ്ധിക്കേണ്ടതല്ലേ? നമ്മളെ തെരഞ്ഞെടുത്ത ജനലക്ഷങ്ങളുടെ ആശയാഭിലാഷങ്ങൾക്കനുസരിച്ച് പ്രവർത്തിക്കാൻ നമുക്ക് കഴിയുന്നുണ്ടോ? തിരക്കുപിടിച്ച് നടത്തുന്ന നിയമനിർമ്മാണത്തിനുപകരം കൂടുതൽ സാവകാശവും ഗൗരവവും ഈ രംഗത്ത് നാം സ്വീകരിക്കേണ്ടതല്ലേ? ഈ വക കാര്യങ്ങളിൽ ഒരു ആത്മപരിശോധന നടത്താനും സ്വയം വിമർശനം നടത്താനും തയ്യാറാകണമെന്ന് ഞാൻ നിയമസഭാ സാമാജികരോട് അഭ്യർത്ഥിക്കുന്നു. ആരോഗ്യപരമായ നിയമസഭാ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കാനുള്ള ചുമതല നിർവ്വഹിക്കണമെന്ന് ഞാൻ മാധ്യമപ്രവർത്തകരോട് അഭ്യർത്ഥിക്കുന്നു. സംസ്ഥാനത്തിന്റെ ഭാസുരഭാവിക്കുവേണ്ടി അക്ഷീണം പ്രവർത്തിക്കുന്ന സഭാ നേതാവ് ശ്രീ. ഉമ്മൻ ചാണ്ടിയേയും ജനകീയ പ്രശ്നങ്ങളിൽ എപ്പോഴും സജീവമായി ഇടപെടുന്ന പ്രതിപക്ഷനേതാവിനേയും ഞാൻ അഭിനന്ദിക്കുന്നു. എന്റെ മുൻഗാമി പ്രഗത്ഭനും പരിണതപ്രജ്ഞനുമായ ശ്രീ. വക്കം പുരുഷോത്തമനെ ഞാൻ ആദരപൂർവ്വം സ്മരിക്കുന്നു. എന്റെ കർത്തവ്യനിർവ്വഹണത്തിൽ എന്നോട് സഹകരിച്ച ബഹുമാനപ്പെട്ട മന്ത്രിമാർ, പാർട്ടി നേതാക്കൾ, നിയമസഭാ സാമാജികർ, നിയമസഭാ ജീവനക്കാർ, മാധ്യമ പ്രവർത്തകർ ഇവർക്കൊക്കെയുള്ള നിസ്സീമമായ കൃതജ്ഞത ഞാൻ പ്രകാശിപ്പിക്കട്ടെ. സഭാനാഥനെന്ന നിലയ്ക്ക് ഞാൻ വളരെ ഉദാരമായ സമീപനമാണ് കൈക്കൊണ്ടത്. ജനപ്രതിനിധികളായ നിയമസഭാ സാമാജികർക്ക് ജനകീയ പ്രശ്നങ്ങൾ അവതരിപ്പിക്കാൻ എത്ര സമയം കൊടുത്താലും അധികമാകില്ല എന്ന ചിന്തയാണ് എന്നെ അതിന് പ്രേരിപ്പിച്ചത്. 2004 സെപ്റ്റംബർ മാസം 16-ാം തീയതിയാണ് നിങ്ങൾ എന്നെ തെരഞ്ഞെടുത്തത്. അന്ന് നിങ്ങൾ എന്നിൽ അർപ്പിച്ച വിശ്വാസം പൂർണ്ണമായും നിറവേറ്റാൻ സാധിച്ചോ എന്ന് വിധിയെഴുതേണ്ടത് നിങ്ങളാണ്. എന്നെ ഏല്പിച്ച ദൗത്യം നിഷ്പക്ഷമായും ഭംഗിയായും മാന്യമായും നടത്താൻ ഞാൻ പരമാവധി ശ്രമിച്ചിട്ടുണ്ട്. നല്ലവരായ നിങ്ങളോട് വ്യക്തിപരമായിത്തന്നെ വളരെ അടുത്തു പെരുമാറാൻ അവസരം കിട്ടിയതിൽ എനിക്ക് അങ്ങേയറ്റത്തെ സന്തോഷമുണ്ട്. സഭാദ്ധ്യക്ഷൻ എന്ന നിലയ്ക്ക് നിങ്ങൾ എന്നോട് കാണിച്ച സ്നേഹത്തിനും സൗഹാർദ്ദത്തിനും സഹകരണത്തിനും ഞാൻ നന്ദി രേഖപ്പെടുത്തുന്നു. ഒരു കാര്യം ഞാൻ നിങ്ങളെ ഓർമ്മിപ്പിക്കട്ടെ, ജനാധിപത്യ സംവിധാനത്തെ ശക്തിപ്പെടുത്തേണ്ട ബാധ്യത നമുക്കുണ്ട്. നിയമസഭയുടെ മാന്യതയും അന്തസ്സും നിലനിർത്തേണ്ടത് നമ്മളാണ്. രാഷ്ട്രീയ ഭിന്നതകൾ അതിനൊരിക്കലും തടസ്സമായി നിന്നുകൂടാ. നന്ദി, നമസ്ക്കാരം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, സഭ മുമ്പാകെ വയ്ക്കുവാൻ ഗവൺമെന്റിന് തല്ക്കാലം ബിസിനസ് ഒന്നുമില്ലാത്തതിനാൽ സഭ അനിശ്ചിത കാലത്തേയ്ക്ക് പിരിയാവുന്നതാണ്.

മി. സ്പീക്കർ: സഭ അനിശ്ചിതമായി പിരിച്ചുവിട്ടിരിക്കുന്നു.

(സഭ രാത്രി 11.40-ന് അനിശ്ചിതകാലത്തേയ്ക്ക് പിരിഞ്ഞു.)

SECRETARIAT OF THE KERALA LEGISLATURE

NOTIFICATION

No. 31/Table. 1/2006/Leg. *Dated, Thiruvananthapuram, 2nd March, 2006.*

In exercise of the powers conferred by sub-clause (a) of clause 2 of Article 174 of the Constitution of India, the Governor of the State of Kerala hereby prorogues the Fourteenth Session of the Eleventh Kerala Legislative Assembly with effect form February 21, 2006 at the conclusion of its siting.

ഇൻഡ്യൻ ഭരണഘടനയുടെ 174-ാം അനുച്ഛേദം 2-ാം ഖണ്ഡം (എ) ഉപഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സംസ്ഥാന ഗവർണ്ണർ പതിനൊന്നാം കേരള നിയമസഭയുടെ പതിനാലം സമ്മേളനം 2006 ഫെബ്രുവരി 21-ാം തീയതി അതിന്റെ സമ്മേളനം അവസാനിച്ചതുമുതൽ സമാപിച്ചിരിക്കുന്നു.

By order of the Governor,

Dr. M. C. VALSON,

Secretary
Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly